പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3416 | 14.03.2018 ൽ മറുപടിയ്ക്ക്

## മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടക രഹിത കെട്ടിടവും തുടർന്ന് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് ആജീവനാന്ത വാടക രഹിത കെട്ടിടവും, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം ലഭ്യമാക്കേണ്ടതും പ്രതിമാസ വിറ്റുവരവ് 4,00,000/- രൂപ ആയിരിക്കേണ്ടതുമാണ്. |
| (ബി) നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ബി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾ പ്രകാരം അനുയോജ്യമായ കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ